"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ട്രിഡയിലെ ഇലക്ട്രിക്കൽ ജോലികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിൽ തിരുവനന്തപുരം ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗത്തിലെ പ്രൊഫസറെ കൂടി ഉൾപ്പെടുത്തിയും കമ്മിറ്റിയുടെ സാങ്കേതികാനുമതിയുടെ പരിധി നിജപ്പെടുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2921/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/12/2019

---

പരാമർശം:- 1 സ.ഉ.(സാധാ.) നം.428/2018/ത.സ്വ.ഭ.വ. തീയതി 14.02.2018

2 27/02/2019-ൽ ചേർന്ന തിരുവനന്തപുരം വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ സപ്ലിമെന്ററി അജണ്ട തീരുമാനം നമ്പർ -2

3 ട്രിഡ സെക്രട്ടറിയുടെ 12/03/2019 ലെ ഇ1/2769/2015/ട്രിഡ നമ്പർ കത്ത്.

4 സ.ഉ.(അച്ചടി)നം.111/2019/ധന. തീയതി 21.08.2019

**ഉത്തരവ്**

തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)യുടെ ഇലക്ട്രിക്കൽ ജോലികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി പരാമർശം (1) പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിൽ തിരുവനന്തപുരം ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗത്തിലെ പ്രൊഫസറെ കൂടി ഉൾപ്പെടുത്തുന്നതിനും ടിയാന് കമ്മിറ്റിയിൽ ഒരു തവണ പങ്കെടുക്കുന്നതിന് 1000/- രൂപ ഹോണറേറിയം നൽകുന്നതിനും കമ്മിറ്റിയുടെ സാങ്കേതിക അനുമതിയുടെ പരിധി നിശ്ചയിക്കുന്നതിനും സർക്കാരിനോട് അപേക്ഷിക്കാൻ 27/02/2019-ൽ ചേർന്ന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിക്കുകയും തദനുസരണം പരാമർശം (3) പ്രകാരം ട്രിഡ സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രിഡയുടെ ഇലക്ട്രിക്കൽ ജോലികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി പരാമർശം (1) പ്രകാരം

രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിൽ തിരുവനന്തപുരം ബാർട്ടൻ ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗത്തിലെ പ്രൊഫസറെ ഉൾപ്പെടുത്തിയും ടിയാന് ഹോണറേറിയമായി ഓരോ സിറ്റിംഗിനും 1000/- രൂപ (ആയിരം രൂപ മാത്രം) അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ട്രിഡയുടെ ടെക്നിക്കൽ കമ്മിറ്റിയിലെ സർക്കാരിന്റെ പ്രതിനിധി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയതിനാൽ പരാമർശം (4)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതിക അനുമതിയുടെ പരിധി 50 ലക്ഷം രൂപയായി നിജപ്പെടുത്തിയും ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി

കൺവീനർ, ടെക്നിക്കൽ കമ്മിറ്റി (ഇലക്ട്രിക്കൽ), ട്രിഡ, തിരുവനന്തപുരം

പ്രിൻസിപ്പാൾ, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം

ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗം, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (Dev-4/41/2019/Fin dated 22/11/2019 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**